വർക്കു ഗുഡ്ലൈഫ് ആശ്രമം ഒരു പറുദീസതന്നെയാണ് ! ആഴ്ച തോറുമുള്ള മെഡിക്കൽ ചെക്കപ്പ്, നല്ല ഭക്ഷണം, സീനീയർ സിറ്റി സൺ ഫോറത്തിന്റെ ആഴ്ചയിലൊരിക്കൽ നടക്കുന്ന വിജ്ഞാന പ്രദവും ആഹ്ലാദകാരിയുമായ സമ്മേളനങ്ങൾ-നടക്കാൻ ഇഷ്ടം പോലെ സ്ഥലം ശുദ്ധവായു ലഭിക്കുന്ന അന്തരീക്ഷം, സഞ്ചാര സ്വാതന്ത്ര്യം-എല്ലാം ഇവിടെ ആസ്വദിക്കാം. മനസ്സിനിണങ്ങിയ സുഹൃത്തുക്കളുമായി ആശയങ്ങളും സുഖദുഃഖങ്ങളും പങ്കുവയ്ക്കാം -ചുരുക്കത്തിൽ സ്വർഗ്ഗവും ഭൂമിയും ഇവിടെ സമ്മേളിച്ചിരിക്കുന്നു; അപൂർവ്വം സന്ദർഭങ്ങളിൽ നരകവും ! ജീവിതത്തിന് അർത്ഥവും ആസ്വാദ്യതയും ഇയറ്റുന്നതും അതാണല്ലൊ. ഏതായാലും അവി ടത്തെ എന്റെ രണ്ടുവർഷത്തെ ജീവിതം എനിക്കു സുഖവും സ്വസ്ഥ തയും പരിഗണനയും ലഭിക്കുന്ന ഒന്നായിരുന്നു. പലരും എന്നിൽ സഹോദരീനിർവ്വിശേഷമായ സ്നേഹവാത്സല്യങ്ങൾ ചൊരിഞ്ഞി രുന്നു. ഒരിക്കൽ കോട്ടയത്ത് ഒരു മീറ്റിംഗിനുപോകാൻ അതിരാ വിലെ ഇറങ്ങിയപ്പോൾ 'വയറുകത്താതെ രണ്ടു ദോശ തിന്നിട്ടുപോ' എന്നു പറഞ്ഞു നിർബ്ബന്ധിച്ചു ദോശ തീറ്റിച്ച കുഞ്ഞുമോളമ്മാമ്മയെ ഞാനെങ്ങിനെ മറക്കും?. എന്നെ അവിടെ താമസിപ്പിക്കാൻ സെക്ര ട്ടറിയെ കണ്ടു ഉറപ്പു വാങ്ങിച്ചതും മറ്റാരുമല്ല. ഒന്നും പകരം കൊടു ക്കാൻ കഴിഞ്ഞിട്ടില്ല, അവരത് ആഗ്രഹിക്കുന്നുമില്ല. അസാധാരണ മായ അവരുടെ സംയമനശീലവും അന്തസ്സാർന്ന പെരുമാറ്റവും ഞാനെന്നും മനസ്സാ അഭിനന്ദിക്കുന്ന കാര്യങ്ങളാണ്. പിന്നെയും പലരുമുണ്ട്, എന്നെ സ്വന്തമെന്നു കരുതുന്നവരായി. സെക്രട്ടറിയും ഡയറക്ടറുമെല്ലാം തറവാടിത്തത്തിന്റെ സുനിശ്ചിത ആൾരൂപങ്ങൾ തന്നെ.

അമേരിക്കയിലേക്കു പറക്കുന്നതിനു മുന്നോടിയായിട്ടാണ് ഞാൻ ആ സ്ഥാപനത്തോടു വിടപറഞ്ഞത്. എപ്പോൾ മടങ്ങിച്ചെ ന്നാലും അവിടെ ഒരു കട്ടിൽ എനിക്കുണ്ടാകുമെന്ന വിചാരംതന്നെ എന്നെ സന്തുഷ്ടയാക്കുന്നു.

ഗുഡ്ലൈഫ് ആശ്രമത്തിൽ നിന്നു പോന്നതിനുശേഷം ഏതാണ്ട് ഒരു മാസത്തിനകംതന്നെ ഞാൻ അറ്റ്ലാന്റിക്കിന് അക്ക രെയുള്ള മക്കളുടെയടുത്തേക്കു പറന്നു വന്നു.

### അദ്ധ്യായം പതിനഞ്ച്

# രണ്ടാം വരവ്

**മു**മ്പൊരു ആറു മാസത്തെ സന്ദർശനത്തിനു വന്നപ്പോൾ താമസിച്ചിരുന്ന വീട്ടിലെയും സമീപഭവനങ്ങളിലെയും ഏതാനും പേരുടെ സഹൃദം ലഭിച്ചത് ജീവീതത്തിലെ അവിസമരണീയമായ സമ്പാദ്യമെന്നു തന്നെ വിശേഷിപ്പിക്കുന്നു

ഇത്തവണ വരവ് ഇമ്മിഗ്രന്റായിട്ടാണ്. എപ്പോൾ വേണമെ ങ്കിലും പോകുകയും വരുകയും ചെയ്യാം ദൗർഭാഗ്യത്തിന്റെ ഒരു പരമ്പരതന്നെ എന്നെ ഇത്തവണ തേടിയെത്തിപിടികൂടിയതായി ട്ടാണ് അനുഭവം.

ഇവിടെ കാലുകുത്തിയ ദിവസം തന്നെ സ്വന്തം മകനായി ഞാൻ കരുതിയ മരുമകൻ എന്നോട് ഉടക്കി . ഞാൻ സ്വപ്നേവിചാരി ക്കാത്ത കാര്യം എടുത്തിട്ടാണ് അയാൾ എന്റെ മനസ്സിന് ആഘാതം ഉണ്ടാക്കിയത് .ഞാൻ വാങ്ങിച്ചു സ്വന്തമായി ഉപയോഗിച്ചുകൊള്ളാൻ അയാൾക്കു നൽകിയ കംപ്യൂട്ടർ അവിടെ ഉപയോഗമില്ലാതിരിക്കു ന്നതിനാൽ മടക്കി കൊണ്ടുപൊയ്ക്കൊള്ളാൻ അയാളുടെ അമമ സമ്മതം നൽകിയപ്പോൾ മകന്റെ സമ്മതവും അനിവാര്യമാണെന്ന ബോധം എനിക്കുദിച്ചില്ല .ഏതായലും വന്നന്നുതന്നെ അക്കാര്യം എടുത്തിട്ട് അതുമാത്രം പറഞ്ഞ് അയാൾ എന്നെ പ്രതിക്കൂട്ടിൽ നിർത്തി കണക്കിനു ക്രോസ്വിസ്താരം നടത്തി. മാർക്ക് ആന്റെണി യുടെ വാക്കുകൾ കടമെടുത്താൽ ദ മോസ്ററ അൺ കൈന്റസ്ററ് കട്ട് ഓഫ് ഓൾ.

ഒരാൾ ഉദ്ദേശിക്കാത്ത കാര്യത്തെച്ചൊല്ലി അയാളെ കുറ്റക്കാര നാക്കുന്നത് അന്തസ്സില്ലാത്ത ഏർപ്പാടാണ് .വീണ്ടും തരം കിട്ടു

മ്പോഴൊക്കെ അയാൾ തൊട്ടതിനും പിടിച്ചതിനും എന്നെ കുറ്റപ്പെടുത്തുകയും ശാസിക്കുകയും ചെയ്തു കൊണ്ടിരുന്നു.

'ഞാൻ ഗൃഹനാഥൻ; എന്നെ അനുസരിച്ചു കൊള്ളണം' എന്നപ്രഖ്യാപനം വന്നപ്പോൾ ഞങ്ങൾ ഇണങ്ങാത്ത കണ്ണികളാണെന്ന് എനിക്കു ബോധ്യമായി. എന്നിട്ടും അവരുടെ സ്വസ്ഥതയ്ക്കു പ്രത്യേകിച്ച ആറ്റുനോറ്റുണ്ടായ എന്റെ മകളുടെ കുടുംബഭദ്രതക്കു ഭംഗം വരരുതെന്ന വിചാരം അവിടത്തെ താമസം മതിയാക്കാൻ എന്നെ നിർബന്ധിതയാക്കി.അവരുടെ കംപ്യൂട്ടർ ഞാൻ തൊടുന്നതിൽ അനിഷ്ടം, എന്തിന് ഞാൻ വായിക്കുന്നതും എഴുതുന്നതും പോലും അയാൾക്ക് അസഹ്യം- 'ഞാൻ എങ്ങോട്ടെങ്കിലും ഇറങ്ങിപ്പോകും,' എനിക്കു ഭ്രാന്തു കയറുന്നു! എന്നെല്ലാമുള്ള ജല്പനങ്ങളും ഭീഷണികളും വേറെയും! മാനസിക പിരിമുറുക്കം എന്റെ ആരോഗ്യഹാനിക്കും ജീവഹാനിക്കും കരണമാകുമെന്നു ബോധ്യമായപ്പോൾ എന്റെ മകനെ വിളിച്ചുവരുത്തി ഏതാണ്ടൊരു രക്ഷപെടൽ പോലെ ഞാൻ എന്റെ മോന്റടുത്തെത്തി. മകളുടെ തടസ്സവാദമൊന്നും എന്റെ തീരുമാനത്തെ പിന്തിരിപ്പിച്ചില്ല.

പിറ്റേദിവസം തന്നെ എനിക്ക് മരണകരമായ ഹാർട്ട്അറ്റാക്ക് ഉണ്ടായി. പരിശോധനയിൽ രണ്ടു മൂന്ന് ഹൃദയവാൽവുകൾക്ക് ബ്ലോക്കുണ്ടെന്നറിഞ്ഞു. അതിനുള്ള പ്രതിവിധിയും അപ്പോൾത്തന്നെ ചെയ്തു. പക്ഷേ, അതോടെ ഹൃദ്രോഗി,എന്ന മുദ്ര പതിഞ്ഞു. നാട്ടിൽ വച്ച് രണ്ടു തവണ 'എക്സിക്യൂട്ടിവ് ചെക്കപ്പി'ലും യാതൊരു രോഗവുമില്ലെന്ന സർട്ടിഫിക്കറ്റുമായാണ് സന്തോഷത്തോടെ ഞാൻ വിമാനം കയറിയത്. ഇവിടെ വന്നപ്പോൾ കാര്യങ്ങൾ ഈ വിധത്തിലുമായി!

ആശുപത്രിവിട്ടപ്പോൾ എന്റെ സംരക്ഷണത്തിന് ഞങ്ങളുടെ ഒരു സ്നേഹിതയുടെ വീട്ടിൽ അവരുടെ ക്ഷണപ്രകാരം എന്നെ മകൾ ഏൽപ്പിച്ചു. മകനെ വിട്ടു നില്ക്കാൻ അശേഷം മനസ്സില്ലാതിരുന്ന ഞാൻ മകളുടെയും മരുമകന്റെയും സംരക്ഷണയിൽ വീണ്ടും ചെന്നു പെടേണ്ടെന്നു കരുതി ഒന്നുരണ്ടാഴ് ച്ച കടിച്ചുപിടിച്ച് അവിടെ തങ്ങി ഹൃദയവാൽവിനു റസ്റെറടുത്ത് വിശ്രമിക്കേണ്ട ഞാൻ കെണിയിൽപെട്ടു അവിടുത്തെ വീട്ടുപണികളെല്ലാം എനിക്കു ചെയ്യേണ്ടിവന്നു. പാതിരാത്രിക്കേ ഒന്നുറങ്ങാൻ തരപ്പെടു. ഇന്ന



പൈപ്പു തുറക്കരുത്,ചൂടുവെള്ളത്തിനു ചെലവേറെ, ഇന്ന ബാത്ത്റൂമിലേ പോകാവൂ. ഒന്നു മൂത്രമെഴിക്കാനും പതിനെട്ടാംപടികയറി പോകണം അങ്ങിനെ വിലക്കുകൾ എല്ലാം സഹിച്ച് ഒന്നുരണ്ടാഴ്ച്ചയോളം കഴിഞ്ഞു മടങ്ങി മകന്റടുത്തുവന്നു. വീണ്ടും നിർബന്ധിച്ചു മകൾ എന്നെ കൂട്ടിക്കൊണ്ടു പോയി. അപ്പോഴതാ പോയ്സൺ ഐ.ഡിഎന്ന വൃത്തികെട്ട ഒരു ചൊറിച്ചിൽ രോഗം എന്നെ പിടികൂടി . നടക്കാനിറങ്ങുമ്പോൾ, കാണുന്ന ചെടികളും പൂക്കളും പറിച്ചുകൊണ്ടുവരും , അതു നൽകിയ സമ്മാനം . ശരീരം ചൊറിഞ്ഞു പൊട്ടി. എന്റെ ദേഹം ദേഹമല്ലാതായി, യാതൊരു ത്വക്രോഗവുമില്ലാതെ ദൈവം എന്നെ അനുഗ്രഹിച്ചിരുന്നു. ആ എനിക്കു വന്ന ആപത്ത്! ഇതിൽ ഭേദം മരണമായിരുന്നു. എന്ന് ആഗ്രഹിക്കും വിധം മാരകവും അസഹ്യവുമായരീതിയിലാണ് ഈ പോയ്സൺ ഐഡി എന്നെ ആക്രമിച്ചത്. അതുമായി വീണ്ടും മകന്റെയടുത്തെത്തി ആശുപത്രി പ്രവേശം രണ്ടു മൂന്നാഴ്ചത്തെ നരകയാതനയ്ക്കു ശേഷം അതിൽ നിന്നും മോചനം ലഭിച്ചു. ഇനി ഒരിടത്തേക്കുമില്ല ഇടയ്ക്കു ചെക്കപ് തീരുമ്പോൾ,നാട്ടിലേക്ക് എന്ന കാത്തിരിപ്പിനിടയിലാണ് ഇടിവെട്ടിയവനെ പാമ്പുകടിച്ചു എന്ന മട്ടിൽ എന്റെ മകന്റെ ദാരുണമായ കാറപകടം.

കുഞ്ഞുങ്ങളുടേതു പോലെ ശുദ്ധമായ മനസ്സാണ് എന്റെ മകന്റേത്. എല്ലാ വിഷമങ്ങളും ഉള്ളിലൊതുക്കും. പരാതിയില്ല, പരിഭവമില്ല, പരിദേവനകളില്ല, നാക്കു കൊണ്ടു പാപം ചെയ്യുന്ന ഒരു വിശുദ്ധൻ എന്നു ഞാൻ മനസ്സിൽ പറയും ഹി ഹാസ് ഗോട്ട് എ ഹാർട്ട് ഓഫ് ഗേൾഡ് പെങ്ങൾ അങ്ങനെയാണു അനിയനെ വിശേഷിപ്പിക്കാറ് .മരുമകന്റെ കണ്ണിൽ അവനില്ലാത്ത കുറ്റങ്ങളില്ല. ഞാൻ കേൾക്കെ കുറ്റങ്ങളുടെ ഒരു നീണ്ട ലിസ്റ്റ് നിരത്താറുണ്ട്.

റസ്പോൺസിബിലിറ്റിയില്ല. വില കൂടിയ വസ്തുക്കളേ ഉപയോഗിക്കുകയുള്ളു, വീട്ടിൽ ഒന്നും വാങ്ങിച്ചു തരില്ല വീട്ടിൽ കാണത്തില്ല തുടങ്ങി അനേകം 'ഇല്ല'കൾ. എന്റെ മുമ്പിൽ വച്ച് എന്റെ മകനെ കുറ്റം പറയുന്നത് എനിക്കസഹ്യമാണ്. കുറ്റം പറയാനും പഴിചാരാനം എന്തെളുപ്പം! അവർ താമസം മാറി പോയപ്പോൾ സകലതും കെട്ടി വലിച്ചു പുതിയ താവളത്തിൽ എത്തിച്ചതും,ടി.വി വാങ്ങിച്ചുകൊടുത്തതും പരാമർശത്തിൽ വരില്ല. ആർക്ക് എന്തുപ

കാരം ചെയ്യാനും എന്റെ മോൻ മുമ്പിലുണ്ട്.ചീട്ടുകളിയാണ് അവനെ ഗ്രസിച്ച ഒരേ ഒരു തിന്മ. സാഹചര്യം അങ്ങനെയാക്കി. എങ്ങു നിന്നും സ്നേഹം കിട്ടാതായപ്പോൾ മനസ്സിന്റെ മുറിവുകൾ ഉണ ക്കാൻ അവൻ തെരഞ്ഞെടുത്ത വഴി. ചില തലതെറിച്ച കൂട്ടുകാർ അതിനു പ്രേരിപ്പിക്കുകയും ചെയ്തു. മോൻ കാറപകടത്തിൽ പെട്ട് ആശുപത്രിയിൽ കിടന്നപ്പോഴാണ് ഒരു വലിയ സുഹൃദ്സംഘം അവനു സമ്പത്തായി ഉണ്ടെന്ന് ബോധ്യമായത്, അവരുടെ കണ്ണീരും പ്രാർത്ഥനയും അവന്റെ ജീവനെ മടക്കി കൊണ്ടു വന്നു. ദൈവം ആപത്തണയ്ക്കുമ്പോൾ അതോടൊപ്പം ചില ഭാഗ്യങ്ങൾ കൂടി ഒപ്പം വയ്ക്കും.

എന്റെ മകന് എങ്ങുനിന്നും ഒരു ഗൈഡൻസും സ്നേഹവും കിട്ടാഞ്ഞപ്പോൾ നേരമ്പോക്കിനും ഒരു ഡൈവേർഷനുമായി തുട ങ്ങിയ ചീട്ടുകളി ഒരു ശീലമാകുകയും അതു ക്രമേണ സ്വഭാവമായി മാറുകയും ചെയ്തു. പിന്നെ അതിൽ നിന്നും ഊരിപ്പോരാനാവാത്ത വിധം ആ കെണിയിൽ അകപ്പെടുകയും ചെയ്തു.

പത്തും അഞ്ഞൂറും കിട്ടും; പത്തുംരണ്ടായിരവും കളയും. അങ്ങനെ സ്വന്തം കാശും കളയും, കിട്ടാവുന്നിടത്തുനിന്നെല്ലാം കടം വാങ്ങുകയും ചെയ്യും. അയാൾക്കു വീട്ടിലിരിക്കുന്നത് ശീലമില്ലാ തായി. പണ്ട് അപ്പനെ കാത്ത് രാത്രി ഉറക്കമിളക്കുന്ന ഞാനിപ്പോൾ മകന്റെ വരവും നോക്കി മുറിയിൽ തെക്കുവടക്കു നടക്കും. ചില പ്പോൾ നേരം വെളുക്കുവോളം. പരപരാ വെളുക്കുമ്പോൾ കള്ളനെ പ്പോലെ പതുങ്ങി വന്ന് വേഷം മാറി ഓഫീസിലേക്ക്. കുളിയില്ല ആഹാരമില്ല വണ്ടിയുടെ ലൈസൻസ് പുതുക്കാനോ ടാക്സ് അട യ്ക്കാനോ കൂട്ടാക്കില്ല. ചിലപ്പോൾ പോലീസു പിടിക്കും. Air force ന്റെ ലേബലിൽ രക്ഷപ്പെടും നല്ല വാചാലതയും അമേരിക്കൻ ഇംഗ്ലീഷും കേട്ട് ആളുകൾ മയങ്ങും. വീട്ടു വാടക കുടിശ്ശിക സ്വന്ത ക്കാരനായതു കൊണ്ട് ചോദിക്കാറില്ല. വല്ലപ്പോഴും ഉപ്പും തവിടും പോലെ ഇരുന്നൂറോ മുന്നൂറോ കൊടുക്കും. ആയിരത്തിനു മേൽ വാടക കിട്ടേണ്ട സ്ഥലം ഒരു ദിവസം renovation എന്ന പേരു പറഞ്ഞ് അവർ സ്ഥലം കാലിയാക്കിച്ചു. നിന്ന നിൽപ്പിൽ തമ്പു രാൻ ഒരു നിലവറ (Basement) തല ചായ്ക്കാൻ ഒരുക്കിത്തന്നു. അ വിടെ വന്നിട്ടും വാടകക്കാര്യം മ്ഴാഞ്ചൽ തന്നെ. പെങ്ങൾ രണ്ടു



തവണ കൊടുത്തു. പിന്നെ ഞാൻ തന്നെഅതു മുടക്കി ഹൗസ് ഓണറോടു കടം പറഞ്ഞു. ഏതെങ്കിലും ബേബിസിറ്റിംഗിലൂടെ പണം കണ്ടെത്തി വാടക കൊടുക്കാനായിരുന്നു പ്ലാൻ അതിനു തുനിഞ്ഞ സമയത്താണ് കാറപകടം വിവരം എന്നെ മകളും ഭർത്താവും പിന്നെ അതറിഞ്ഞവരാരും അറിയിച്ചില്ല മോന്റെ സെല്ലിൽ പത്തു നൂറു തവണ വിളിച്ചു. ഒരാഴ്ച ഒരു യുഗം പോലെ മോന്റെ വിവരമില്ല അമ്മയുടെ മനസ്സ് മണത്തറിഞ്ഞു മോൻ ഏതോ അപകടത്തിൽപെട്ടിരിക്കുന്നുവെന്ന്. രാത്രി മുട്ടിൻമേൽ നിന്നു പ്രാർത്ഥന തുടങ്ങി,മകനു വേണ്ടി,ഒടുവിൽ കോമയിൽ വെന്റിലേ റ്ററിൽ കിടന്നിരുന്ന മകനെ ഡോക്ടേഴ്സും കൈവിടുമെന്ന പതന ത്തിൽ എത്തിയപ്പോൾ എന്നെ കൂട്ടിക്കൊണ്ടുപോകാൻ മകൾ എത്തി. അപകടം പിണഞ്ഞ് കൃത്യം ഒരാഴ്ച കഴിഞ്ഞപ്പോൾ!!

ഞാൻ പരാതി പറഞ്ഞില്ല. അതിനതിന് അവർ രണ്ടുപേരും ചേർന്ന് എന്നെ കഷണിപ്പിക്കാൻ തുടങ്ങി. മാനസികമായും ശാരീരി കമായും തളർന്നിരുന്ന എന്നെയും കൊണ്ട് അവരുടെ ചങ്ങാതിമാ രുടെ വീട്ടിൽ അന്തിയുറങ്ങുക, കാശു വരും പോകും. ആശുപ ത്രിക്കു തൊട്ടടുത്തുള്ള ഒരു റൂമെടുത്താൽ അലച്ചിൽ ഒഴിവാക്കാം. കഷ്ടിച്ചു നടപ്പു ദൂരം ഇല്ലെങ്കിൽ ക്യാബിന് 5-6 രൂപ ഒരു ദിവസം ന്യൂജേഴ്സിയിൽ നിന്ന് എന്നെയും കൊണ്ട് അവരുടെ സുഹൃത്തിന്റെ വീട്ടിൽ പോകാനൊരുങ്ങി. ഞാൻ വഴങ്ങിയില്ല. അതിന് മരുമകൻ തന്റെ ബാഗെടുത്ത് കട്ടിലിൽ അയാളുടെ ശക്തി മുഴുവൻ ഉപ യോഗിച്ച് ഒരടി. ആ അടി എനിക്കേറ്റതുപോലെയായി. അഥവാ എന്നെ ഉദ്ദേശിച്ചുള്ള ഒരു പ്രയോഗം! എന്നിട്ട്

ഇവർ ഒരു തരത്തിലും ജീവിക്കാൻ അനുവദിക്കില്ല എന്നൊരു ആത്മഗതവും!

കാശ് എന്റെ കയ്യിലുമുണ്ട്. നിങ്ങൾ എന്നെ എന്റെ പാട്ടിന് വിടുക. ഞാൻ മാനേജ് ചെയ്തോളാം സമ്മതിക്കില്ല കൂട്ടുകാരുടെ വീടുകളിൽ ദീർഘദൂരം സഞ്ചരിച്ച് അവരെയും ബന്ധപ്പെടുത്താ നായിരുന്നു അവർക്കു താല്പര്യം എന്റെ മകളും ഇതിനൊക്കെ കൂട്ടു നിന്നതിലാണ് എനിക്കദ്ഭുതം അമ്മച്ചിയെ വിഷമിപ്പിക്കരു തെന്ന് ഒരു വാക്ക് അവളുടെ വായിൽ നിന്നു വീണില്ല. പകരം എന്നെ കുറ്റപ്പെടുത്തലായിരുന്നു അവളുടെയും ജോലി അഥവാ ഹോബി. കർത്താവു പറഞ്ഞപോലെ ഇവർ ചെയ്യുന്നതെന്തെന്നറി

യുന്നില്ല എന്നേ എനിക്കും തോന്നിയുള്ളു അറിവില്ലായ്മയ്ക്ക് ആരെ ആര് കുറ്റപ്പെടുത്താൻ.?

എല്ലാ ആഴ്ചയും വരും. കൂർക്കം വലിച്ച് ഉറങ്ങി എഴുന്നേൽക്കാൻ 8 മണിയെങ്കിലുമാകും. പതുക്കെ തേവാരവും ഭക്ഷണവുമൊക്കെ കഴിഞ്ഞ് ആശുപത്രിയിൽ എത്തുമ്പോൾ മണി 11. എനിക്ക് കണ്ണുകീറിയാൽ മകന്റെ അടുത്തെത്താൻ വെപ്രാളവും. ഒടുവിൽ എന്റെ സഹിക്കെട്ട് ഒരു റൂം 3-4 ദിവസത്തേക്ക് എടുത്തു ഞാൻ തനിയെ താമസിച്ചു യാതൊരാപത്തും സംഭവിച്ചില്ല. അതിരാവിലെ ആശുപത്രയിൽ എത്തും മോൻ ജീവച്ഛവം പോലെ കിടക്കുന്നതു കാണുമ്പോൾ ഹൃദയം പൊട്ടുന്ന വേദന അവന്റെ കൂട്ടുകാരും പരിചയക്കാരും വന്ന് പ്രാർത്ഥിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. അച്ഛനും ഭാര്യയും തല കാണിച്ചിട്ടു പോയി ഒന്നു രണ്ടു പ്രാവശ്യമേ വന്നുള്ളൂ പിന്നെ അഡ്രസില്ല പിന്നീടു പറഞ്ഞതായി അറിഞ്ഞു

അവൾ അവിടെയുള്ളതു കൊണ്ടു വരുന്നില്ല എന്ന്, കടുത്ത പിതൃവാത്സല്യം

ഒരു ദിവസം ആശുപത്രിയിലെത്തിയതും നഴ്സ് പറഞ്ഞു, പന്ത്രണ്ട് മണിയോടെ ഷിബു രാജിനെ എഡിസനിലെ JFK യിലേക്ക് മാറ്റുമെന്ന് അപ്പോൾത്തന്നെ മകളെ വിളിച്ച് വിവരം പറഞ്ഞിട്ട് വെക്കേറ്റ് ചെയ്യുന്ന കാര്യം പറഞ്ഞു പത്തു മിനിറ്റു സമയത്തെ കാര്യം പക്ഷേ, ഓഡർ വന്നു 'ചിറ്റപ്പൻ വരുന്നതുവരെ വെയ്റ്റ് ചെയ്യുക.'

പന്ത്രണ്ടുമണിക്ക് മോനോടൊപ്പം എന്നെക്കൂടി ആംബുലൻസിൽ കയറ്റി ഞങ്ങൾ JFK യിലെത്തി മുറി വെക്കേറ്റു ചെയ്യുന്നതിനെക്കുറിച്ചും അവിടെ മൂന്നു നാലു പഴന്തുണി ഇരിക്കുന്നതിനെക്കുറിച്ചും ഞാനൊന്നും ഓർത്തില്ല. എനിക്കു മോനായിരുന്നു മുഖ്യം.

ഞങ്ങൾ ഹോസ്പിറ്റലിലെത്തിയപ്പോഴേക്കും പുറകെ ചിറ്റപ്പനും എത്തി. പക്ഷെ റൂം വെക്കേറ്റു ചെയ്യാൻ മെനക്കെടാതെ അയാൾ സ്ഥലം വിട്ടു. മക്കൾ എന്റെ നേരേ തട്ടിക്കയറി എന്തുകൊണ്ട് അയാൾ വരാൻ വെയ്റ്റ് ചെയ്തില്ല ഞാൻ പറഞ്ഞതല്ലേ എന്നൊക്കെ



ശാസന സഹികെട്ടപ്പോൾ ഞാൻ പറഞ്ഞു

എനിക്ക് ആ പഴന്തുണിയേക്കാൾ പ്രധാനം എന്റെ മകനാണ്. പിന്നെ അടങ്ങി ഏതൊ ഒരു ഫ്രണ്ട് വഴി ആ സാധനങ്ങൾ എടുപ്പിച്ചു ആശുപത്രിയിൽ നിന്നു പോരുമ്പോൾ രാപാർക്കാൻ മറ്റൊരു ഫ്രണ്ടിന്റെ വീടും അറെയ്ഞ്ച് ചെയ്തു ഭാഗ്യത്തിന് രണ്ടുമൂന്നു ദിവസമേ അവരെ ബുദ്ധിമുട്ടിക്കേണ്ടി വന്നുള്ളൂ. ആശുപത്രിയിലെ റെസ്പിറ്റോറിസ്റ്റ് മോന്റെയടുത്ത് വന്നപ്പോൾ എന്നോടു വിവരങ്ങളൊക്കെ ചോദിച്ചു. ദയാലുവായ അദ്ദേഹം അന്നു തന്നെ തൊട്ടടുത്തുള്ള അദ്ദേഹത്തിന്റെ കസിന്റെ വീട്ടിൽ എനിക്കു താമസിക്കാനുള്ള സൗകര്യം ഒരുക്കി. വൈകിട്ട് ഒരു പാസ്റ്ററും മറ്റൊരാളെയും കൂട്ടിവന്നു പ്രാർത്ഥിക്കാനും സൻമനസ്സു കാട്ടി. പ്രാർത്ഥനയുടെ അദ്ഭുതകരമായ ഫലമെന്നുതന്നെ പറയട്ടെ മോന്റെ നിലയിൽ വളരെ വേഗം മാറ്റങ്ങൾ വന്നുതുടങ്ങി. കണ്ണുതുറന്നു ആളെ തിരിച്ചറിഞ്ഞു. ക്രമേണ സംസാരശേഷി തിരിച്ചു കിട്ടി. ആശുപത്രിയിലെ ഡോക്ടർമാരും നേഴ്സുമാരും മോന്റെ കാര്യത്തിൽ അതീവ ശ്രദ്ധ ചെലുത്തി. വിവിധ തെറാപ്പി കൃത്യമായി നടത്തി മോൻ ഏതാണ്ടു പഴയ നിലയിലെത്തിയപ്പോഴാണ് ഒരു ദിവസം വീണ്ടും അപ്പൻ പ്രത്യക്ഷപ്പെട്ടത്, ഞാൻ പള്ളിയിൽപോയ സമയം.

കിട്ടിയ സമയം കൊണ്ട് ആക്സിഡന്റിന്റെ ഒരു ഭീകരചിത്രം മോന്റെ മുമ്പിൽ വരച്ചുകാട്ടി. അയാൾ മോന്റ സമനിലതെറ്റിച്ചിട്ടു കടന്നു കളഞ്ഞു. ഞാൻ വന്നപ്പോൾ മോന്റെ മുഖം സൂക്ഷമൊരു പ്രാന്തന്റെ മുഖമായി മാറിയിരുന്നു. മോളു പറഞ്ഞു, അപ്പൻ വന്നതിനു ശേഷമാണ് ഈ മാറ്റമെന്ന്. അവൾ എന്നോട് ക്ഷോഭിച്ചു. സത്യം അംഗീകരിക്കാതെ അപ്പന്റെ പക്ഷം ചേർന്ന് എന്നെ നിശ്ശബ്ദയാക്കാനാണ് അവൾ ശ്രമിച്ചത്. ഞാൻ നിശ്ശബ്ദയായി. വിഷമം കടിച്ചിറക്കി. ഏറ്റവും എന്നെ വിഷമിപ്പിച്ചത് അപ്പൻ വരുമ്പോൾ അമ്മച്ചി എങ്ങോട്ടെങ്കിലും മാറി നിൽക്കണം എന്ന താക്കീതാണ്

നേരം വെളുക്കാൻ കാത്തുകിടന്ന് പരപരാ വെളുക്കുമ്പോൾ ഓടിയെത്തി രാത്രിവരെ മോന്റെ കിടക്കയ്ക്കരികിൽ തപസ്സിരിക്കുന്ന അവനോട് ചെയ്യുന്ന ക്രൂരതയൊക്കെ കണ്ടില്ലെന്നുവച്ച്, അയാൾ വരുമ്പോൾ അനാഥ പ്രേതം പോലെ ആശുപത്രി വരാന്തയിൽ തേരാ പാരാ നടന്നുകൊള്ളാനാണ് ആജ്ഞ! അതും ഞാൻ അനുസരിച്ചു. എന്നെ കുറ്റപ്പെടുത്തുന്നതിൽ അവളും എന്തോ

ആനന്ദം കണ്ടെത്തുന്നതു പോലെ. അവളുടെ ഈ മാറ്റം കണ്ട് എനിക്കദ്ഭുതം തോന്നി. അവൾ പറയുന്നതിലപ്പുറം ഞാൻ തിരിയാനോ പിരിയാനോ പാടില്ല. അവൾ പറയുന്നിടത്തു തങ്ങണം ഒരു ദിവസം അവളുടെ ഒരാന്റിയുടെ -കാണുന്നവരെല്ലാം അവിടെ ആന്റിമാരും അങ്കിൾമാരുമാണല്ലോ- വീട്ടിൽ താമസിക്കണമെന്നു രണ്ടു പേരുംകൂടി കടും പിടുത്തം. മനസ്സിലെങ്കിലും അനുസരിക്കാതെ നിവൃത്തിയില്ലല്ലോ. പോയി എപ്പോൾ കണ്ടാലും മകനിൽ ഇല്ലാത്ത കുറ്റം ആരോപിക്കുന്ന ഒരു സ്ത്രീ. ദൈവാത്മാവ് അവരുമായി എപ്പോഴും സംവദിക്കുമത്രെ. കരയുന്ന സ്വരത്തിലുള്ള അവരുടെ പ്രാർത്ഥന കണ്ണടച്ചിരുന്നു പ്രാർത്ഥനയിൽ പങ്കുകൊള്ളുന്ന ഞാൻ യഥാർത്ഥ അനുതാപമാണെന്നും യാചനയാണെന്നും കരുതി . ഒരു ദിവസം പ്രാർത്ഥന നീണ്ടു നീണ്ടു പോകുന്നതിൽ മുഷിപ്പു തോന്നിയ ഞാൻ കണ്ണുതുറന്നു നോക്കിയപ്പോഴാണ് ആ സ്വരവും കരച്ചിലുമെല്ലാം വെറും നാട്യമാണെന്ന് മനസ്സിലാക്കിയത്. പലപ്പോഴും ആളുകളെ നിസീതമായ് വിമർശിക്കുകയും കുറ്റപെടുത്തുകയും ചെയ്യുന്ന അവർ ആത്മപ്രശംസയെ ആനന്ദം കണ്ടെത്തുമ്പോൾ അവരുടെ മറുഭാഷയും ദൈവാത്മ സംസാരവും വെറും തട്ടിപ്പാണെന്ന് വിചാരിക്കുമമെങ്കിലും പുറമെ പറഞ്ഞില്ല .അവർ പരിശുദ്ധയാണന്നു കരുതുന്ന എന്റെ മകളും അവളുടെ ഭർത്താവും. അവരെ സ്തുതിക്കാൻ അവർക്കു കഴുത്തിന് ചുറ്റും നാക്കുണ്ട്. അമ്മയേയും ആങ്ങളയേയും കുറ്റപ്പെടുത്താനും അങ്ങനെ തന്നെ .

മോൻ വെജിറ്റബിൾ പോലെ കിടക്കുമെന്നും എനിക്കവനെ ശുശ്രൂഷിക്കാനുള്ള ആരോഗ്യമില്ലെന്നും അവൻ മരിക്കുന്നാണ് നല്ലതെന്നും മറ്റും എന്റെ മുഖത്തു നോക്കി പറഞ്ഞപ്പോൾ മേലിൽ അവരുടെ പടി ഞാൻ ചവിട്ടുകയില്ല എന്ന തീരുമാനത്തോടെയാണ് പിറ്റേ ദിവസം അവിടം വിട്ടത് . അക്കാര്യം അവരോട് പറയുകയും ചെയ്തു . അവളതു വീഴാതെ കെട്ടാതെ കണവനെ അറിയിച്ചു. വിവരം കേട്ടപ്പോൾ അയാളും ക്ഷോഭിച്ചു .അവർ ചെയ്ത ഉപകാരങ്ങളുടെ ലിസ്റ്റു നിരത്തി. എന്നെ ഹാർട്ട് അറ്റാക്കിനു ശേഷം നിർബന്ധിച്ച് അവരുടെ വീട്ടിലാക്കി. അവിടെ വിശ്രമിക്കേണ്ട എന്നെ കൊണ്ട് സകല ജോലിയും ചെയ്യിച്ചു കൂടെ അനേകം വിലക്കുകളും. ചൂടുവെള്ള ടാപ്പു തുറക്കരുത്,കറന്റ് കാശ് ഒരു പാടാകുന്നു, താഴത്തെ ബാത്ത്റൂമിലും കക്കൂസ്സിലൊന്നും പോകരുത്, പതിനെട്ടാംപടി കയറി മുകളിൽ പോകണം. പകൽ കിടക്കാൻ പാടില്ല. രാത്രി ജോലിയുള്ള അവർക്കു കുടിക്കാൻ ചായ ഇട്ടുകൊടുത്ത് വാതിലും അടച്ചു കിടക്കുമ്പോൾ രാത്രി പന്ത്രണ്ടു മണി. മോന്റെ കാര്യം അവനെ തനിച്ചാക്കിയതിലുള്ള ദു.ഖം. എല്ലാം ഓർത്ത് രാത്രി കഴിക്കും. പകൽ ഒന്നു കിടന്നാൽ പെറ്റുകിടക്കുകയാണോ എന്ന ചോദ്യം. അരിഞ്ഞു കൂട്ടാൻ ഒന്നും രണ്ടും കിലോ പയറും ഉള്ളിയും. പാത്രങ്ങളെല്ലാം കഴുകണം.ഒരു ദിവസം ഭാരമുള്ള ഒരു പാത്രം മാത്രം കഴുകാതെ വിട്ടതിനു കുടുംബ മഹിമ ഇല്ലാത്തതിലാണെന്നു കുറ്റപ്പെടുത്തി., ഒരു ചുമടു തുണി ബേസ്മെന്റിൽ നിന്നും ചുമപ്പിച്ച് പുറത്ത് ഉണക്കാൻ ഇടാൻ കല്പന. ഇടക്കിടെയുള്ള മഴ. അപ്പോഴെല്ലാം തുണി പെറുക്കണം ..പിന്നെ വെയിൽ ഉറക്കുമ്പോൾ വീണ്ടും ഇടണം. അങ്ങനെ രണ്ടു ദിവസം കൊണ്ട് എല്ലാം ഉണക്കി മടക്കി റെഡിയാക്കി വെച്ചു കൊടുത്തു. സ്വന്തം താമസ സ്ഥലത്ത് അല്പം അരി വെച്ച് ഒരുകൂട്ടാനമുണ്ടാക്കി കഴിച്ച് എന്റെ മോന്റെ കൂടെ സ്വസ്ഥമായിരിക്കേണ്ട എന്നെ കെണ്ടാക്കിയ സ്ഥലം — എല്ലാം ഞാൻ പിറുപിറുപ്പു കൂടാതെ സഹിച്ചു. ഒടുവിൽ അവർ പറഞ്ഞു :

കസേരയിൽ കയറി ഇരിക്കും. ഒന്നും ചെയ്യാനറിഞ്ഞുകൂടാന്ന് പറയും. ഞാൻ ജേലി സ്ഥലത്തുനിന്നു വന്നു വച്ചു വിളബിക്കെടുക്കണം. ആരെക്കൊണ്ട് പറ്റും ?

മക്കളെയും അവർ വെറുതെ വിട്ടില്ല.

'കെട്ട്യോനുമായി വന്ന് സ്വന്തംവീടുപോലെ മുകളിലേക്കുകയറിപ്പോകും. പിന്നെ ഉള്ളഷീറ്റും ടവ്വലുമെക്കെ കഴുകുന്ന ജേലി എനിക്കും.'

ഒരു ദിവസം രണ്ട് പേരെയും കൊണ്ട് ബേസ്മെന്റു വരെ അടുക്കിപ്പെറുക്കി തുണിവൃത്തിയാക്കിച്ചു വിട്ടതാണ്. മരുമോൻ പറഞ്ഞു.

'ജോലി ചെയ്തു നടു ഒടിഞ്ഞു. ജോലി ചെയ്യിക്കാൻ ആൾ മിടുക്കിയാണ്.'

ഇതെക്കെ അറിഞ്ഞതോടെ, സ്വതേ മനസ്സു മടുത്തിരുന്ന ഞാൻ ആബന്ധം പതുക്കെ വേണ്ടെന്നു വച്ചു. 'അകത്തു പണിയും പുറത്തു

മുത്തിയും’ എന്ന സൂത്രശാലികളിൽ നിന്ന് ഓടിയകലുകയാണു നല്ലതെന്നുകരുതി. സ്വന്തം കൂരിശൂ സന്തോഷത്തോടെ സ്വയം വഹിക്കയാണ് നല്ലത്. കാപട്യക്കാരെ ഒഴിവാക്കിയാൽ അത്രയും നല്ലത്. ഏതായാലും ആന്റിയുടെ ഡബിൾ റോൾ മകൾ അറിഞ്ഞിരിക്കട്ടെ എന്നുകരുതി പറയുകയും ചെയ്തു. ‘ശത്രുക്കളെ സ്നേഹിക്കയും പാപികളോടു പൊറുക്കുകയും വേണമെന്ന’ ആദർശവുമായി നടക്കയും എല്ലാവരേയും അതിനു പ്രേരിപ്പിക്കുകയും ചെയ്യുന്ന ആൾ സ്വന്തമെന്നു കരുതി അന്ധമായി വിശ്വാസം അർപ്പിക്കുന്നവരുടെ ‘തനിക്കൊണം’ അറിഞ്ഞിരിക്കട്ടെന്നു വിചാരിച്ചു.

സ്വന്തമായി എനിക്കും മോനും ഒരു താവളം കണ്ടുപിടിക്കയും റന്റു കൊടുക്കാൻ സാവകാശം തരികയും ചെയ്യുന്ന ഒരു വീട്ടുടമയെ പരിചയപ്പെടാനും സാധിച്ചതാണ് ഏറ്റവും ഭാഗ്യമായി ഇപ്പോൾ കരുതുന്നത്.

അപ്പന്റെ ‘അപകട വിസ്താരം’ കഴിഞ്ഞതോടെ മോൻ നഴ്സുമാരുമായി പരിപൂർണ്ണ നിസ്സഹകരണം പ്രഖ്യാപിച്ചു. സകലരെയും വഴക്കു പറയാൻ തുടങ്ങിയതോടെ അവരും പിൻവാങ്ങി. മറ്റൊരാശുപത്രിയിലേക്കു അവനെ മാറ്റി, അവിടെയും സ്ഥതി അതുതന്നെ. ആശുപത്രിയിൽ നിന്നിറങ്ങിപ്പോകയും സ്വയം ഡിസ്ചാർജ് വാങ്ങിക്കയും ചെയ്തു. അതോടെ വീണ്ടും പഴയസ്ഥലത്തുവന്ന് നഴ്സുമാരുടെ കാവലിൽ ഒരാഴ്ച കഴിഞ്ഞതിനു ശേഷം ഡിസ്ചാർജു വാങ്ങിച്ചു. മറ്റൊരാശുപത്രിയിൽ ഔട് പേഷ്യന്റായി തെറാപ്പിതുടങ്ങാൻ ഏർപ്പാടായി.

അതുവരെ കണ്ണിൽ എണ്ണയൊഴിച്ചു നോക്കിക്കൊണ്ടിരുന്ന എന്നെ പൂർണ്ണമായി തഴഞ്ഞിട്ട് മകനെ അപ്പൻ നല്ലപോലെ നോക്കിക്കൊള്ളുമെന്നു പറഞ്ഞു അവിടെയാക്കി. അപ്പനില്ലാത്തപ്പോൾ വന്നിരിക്കും. മോനു ബിരിയാണി കൊടുക്കും. അങ്ങനെ നോക്കും ഇങ്ങനെ നോക്കും. ഇവിടെയായാൽ അവനു സുരക്ഷയില്ല എന്നൊക്കെപറഞ്ഞായിരുന്നു മകന്റ കാര്യത്തിൽ മകളും ഭർത്താവും കൂടി തീരുമാനിച്ചത്. അപ്പൻ ഏറ്റെടുത്തില്ല. ഇവർ ഏകപക്ഷീയമായി തീരുമാനിച്ചു പറഞ്ഞപ്പോൾ അപ്പൻ എതിരു പറഞ്ഞില്ലെന്നു മാത്രം. മക്കളോടു ദയാദാക്ഷിണ്യമോ വിൽപത്രത്തിൽ അവർക്കുവേണ്ടി ഒരു ചില്ലിപോലുമോ നീക്കിവയ്ക്കാതെ ആർക്കോ വേണ്ടി നീക്കി



വച്ച ഒരപ്പൻ ! ലോകചരിത്രത്തിൽ ഇങ്ങനെ ഒരപ്പനെ ആർക്കും കാണാൻ കിട്ടുകയില്ല. വിവാഹം ജീവിതവ്രതമാക്കിയ അപ്പൻ ! നാലാം വിവാഹവും പുറത്തു ഭദ്രം, അകത്തുഛിദ്രം എന്ന വക്കിലെത്തി നിൽക്കുന്നു! ആ വീട്ടിലേക്കു മകനെ ഉന്തിത്തള്ളി വിട്ടു. എന്റടുത്തു വേണ്ട, ആഴ്ചയിൽ രണ്ടു ദിവസം ആശുപത്രിക്കടുത്ത് ഒരു റൂം എടുത്ത് ഞങ്ങളെ പാർപ്പിക്കാനും അവർക്കു തോന്നിയില്ല.

അതിരാവിലെ അപ്പനും ഭാര്യയും ഉദ്യോഗത്തിനു പോകും. കാവലിരിക്കുമെന്നു പറഞ്ഞ ചിറ്റപ്പൻ ഗായബ് ! മകൻ ഒറ്റയ്ക്കിരുന്നു മുഷിഞ്ഞ് അടുത്തുള്ള അവന്റെ കൂട്ടുകാരനെ കാണാൻ പോയി. വൈകിട്ടു മടങ്ങിയെത്തിയ തന്തപ്പടി ആദ്യം ചെയ്തത് പോലീസിനെ വിളിക്കുകയായിരുന്നു! മകൻ വന്നപ്പോൾ കഥയേതു മറിയാതെ പോലീസുവണ്ടി കണ്ട് അവനാകെ അമ്പരന്നു. ഒടുവിൽ പോലീസുപൊയ്ക്കഴിഞ്ഞപ്പോൾ ചിറ്റപ്പനും അപ്പനും കൂടി തെറിയഭിഷേകം; പോരാഞ്ഞ് സുഖമില്ലാത്ത കുഞ്ഞിനെ കയ്യേറ്റം ചെയ്യാനൊരുങ്ങുകയും. എന്നെ മകൾ ഒന്നും അറിയിച്ചില്ല. സൂക്ഷിപ്പിന്റേയും രക്ഷിപ്പിന്റേയും കഥ ഈ വിധത്തിലായ ജാള്യതയും നാണക്കേടും കാരണം എന്നെ ഒന്നും അറിയിച്ചില്ല. നാട്ടിൽ വരെ ഫോൺ ചെയ്തു വിവരം അറിയിച്ചു. ഒടുവിൽ ഞാൻ വിവരം അറിഞ്ഞതായി സൂചന നൽകിയപ്പോൾ മരുമകന്റെ പ്രതികരണം.

“സന്തോഷമുള്ള കാര്യം മാത്രം അറിയിച്ചാൽ പോരേ?”

അതിൽ പിന്നെ മകളു പറയുന്നതു കേൾക്കുമെന്നല്ലാതെ അങ്ങോട്ടൊന്നും ചോദിക്കാനും പറയാനുമില്ല. ഫോൺ വിളികൾ കുറഞ്ഞു. അഥവാ വിളിക്കയാണെങ്കിൽ അവൾ ‘ആകെ തിരക്കിലാണ് പിന്നെ വിളിക്കാം’ എന്നു പറയും. പിന്നെ വിളിയൊട്ടില്ലതാനും.അതുപോട്ടെന്നു വയ്ക്കാം.

ഒരു ദിവസം അവൾ വിളിച്ച് കുറെ ചാർജ്ഷീറ്റ് നിരത്തി. ഞാൻ എപ്പോഴോ പറഞ്ഞുപോലും ശിവനോടു പാപിചേർന്നാൽ ശിവനും പാപിയാകും എന്ന്. അത് അവളുടെ ഭർത്താവിനെ ലക്ഷ്യമാക്കി എയ്ത ഒരു അമ്പായിരുന്നുവത്രേ എന്തൊ തമാശ പറഞ്ഞപ്പോൾ പറഞ്ഞത് ഞാനന്നേരമേ മറന്നിരുന്നു. അവൾ തുടർന്നു പറഞ്ഞു .

'ചിലപ്പോൾ വേകാത്തതു ഞങ്ങൾ കഴിക്കുന്നു ചിലപ്പോൾ പഴയത്; ചിലപ്പോൾ പട്ടിണി; അങ്ങനൊക്കെ പോകുന്നു'

ഞാൻ മനസ്സിലോർത്തു: ആർക്കു വേണ്ടി? രണ്ടുപേർക്കും കൂടി ആറേഴായിരം ഡോളർ മാസംതോറും കിട്ടുന്നു. കുട്ടികളെ നോക്കാനില്ല. അമ്മയെ നോക്കണ്ട. പിന്നെ രണ്ടു പേരുടെ കാര്യം നോക്കാനവർക്കു സമയമില്ല !

ഇവിടിരിക്കുന്ന ഞാൻ, എന്റെ പാടേ വിധിയേ എന്നു അവരുടെ ഒരു കാര്യത്തിലും ഇടപെടാതിരുന്നിട്ടും എന്റെ മകൾ ചോദിക്കുന്നു.

അമ്മച്ചിക്കു എന്നെ കുഞ്ഞിലെ അങ്ങുകൊല്ലാമായിരുന്നില്ലേ? ചോദ്യംകേട്ട ഞാൻ മലച്ചുപോയി.. ജൂലിയറ്റ് സീസറിന്റെ ശരീരത്തിലേറ്റ ഒരു കുത്തുകാണിച്ചുകൊണ്ട് അതു തന്റെ പ്രാണാധികപ്രിയനായ സുഹൃത്ത് ബ്രൂട്ടസ് കുത്തിയതാണെന്നു പറഞ്ഞു വാക്പയറ്റ്കൊണ്ട് ഇന്ദ്രജാലം കാണിക്കുന്ന മാർക്ക് ആന്റണി പറഞ്ഞ വാചകം -ദിസ് ഈസ് ദ അൺകൈന്റസ്റ്റ് കട്ട് ഓഫ് ആൾ'എന്റെ ഓർമ്മയിൽ തെളിഞ്ഞു ഞാൻ സ്തബ്ധയായിപ്പോയി.

പത്തുമാസം ആശുപത്രിയിൽ തപസ്സ്, ആറുവർഷം നേർച്ച കാഴ്ചകൾ. മുഴുവൻ ആഭരണങ്ങളും നേർച്ചയിട്ടു. പോകുന്നിടത്തെല്ലാം കൂടെ കങ്കാരുവിനേപ്പോലെ വഹിച്ചുകൊണ്ടുപോയി. ആറ്റുതീരത്തുപോയി ആത്മഹത്യയെക്കുറിച്ച് ആലോചിച്ചപ്പോഴും മക്കളുടെ ഒർമ്മയിൽ പിന്തിരിഞ്ഞുപോന്നു. അപ്പൻ പല സ്ത്രീകളുമായും രമിച്ചും കുടിച്ചു കൂത്താടി നടന്നപ്പോഴും ജീവിതഭാരം വഹിച്ചു തളർന്നിട്ടും മക്കളുണ്ടെല്ലോ എന്ന സന്തോഷത്തിൽ എല്ലാവിഷമങ്ങളും മറക്കാൻ ശ്രമിച്ച എന്നോട് ആ മകൾ ചോദിക്കേണ്ട ചോദ്യമാണല്ലോ.

മക്കളുടെ എല്ലാതെറ്റുകളും ക്ഷമിക്കുന്ന കോടതിയാണല്ലോ അമ്മ മനസ്സ്, ഞാനതും ക്ഷമിച്ചു. മറിച്ചൊരക്ഷരം ഉരിയാടിയില്ല. ഒരിക്കലും അതുകേട്ടതായോ മറ്റു പരാതിയോ പരിഭവമോ ഒന്നും ഭാവിച്ചും പറഞ്ഞുമില്ല. ഒരു പാടു പഠിപ്പുള്ള മകൾ ! വലിയ ഉദ്യോഗവും വലിയ ശമ്പളവും വാങ്ങുന്ന മക്കൾ. എപ്പോഴെങ്കിലും വിവേകം ഉദിക്കട്ടെ. ഒരമ്മയോടു സംസാരിക്കേണ്ടതെങ്ങനെയെന്നു പഠിക്കട്ടെ.



എന്നെ വരുതിയിൽ നിർത്താനുള്ള മരുമകന്റെ ശ്രമം പാളിപ്പോകുന്നതിൽ അവൾക്കും കുണ്ഠിതം കാണും ഞാൻ അയാളെ മകനായി കരുതുന്നില്ലെന്നൊരു സംശയം കൂടെക്കൂടെ അവൾ പ്രകടിപ്പിക്കാറുണ്ട്. അയാളുടെ വീട്ടുകാരോട് വേണ്ടത്ര സഹകരണം ഇല്ലെന്നൊക്കെ വെറുതെ ഊഹിക്കുന്നു. അയാളുടെ അമ്മൂമ്മയും അമ്മാവനും മരിച്ചപ്പോൾ പോയില്ലെന്നോരു ചാർജ്ഷീറ്റ്, അവർ മരിച്ചു മൂന്നു വർഷമായിട്ടും ഇപ്പോഴും കാലഹരണപ്പെട്ടിട്ടില്ല. മരണം മുൻകൂട്ടി പ്രവചിക്കാവുന്നതല്ലല്ലോ. എനിക്ക് ഒഴിവാക്കാനാവാത്ത ചില അപ്പോയ്ന്റ്മെന്റുകൾ ഉണ്ടായിരുന്നു. കൂടാതെ ചെല്ലേണ്ട സ്ഥലത്തെക്കുറിച്ചു യാതൊരു പിടിപാടും ഇല്ല ആരെങ്കിലും വന്നു കൂട്ടിക്കൊണ്ടു പോയതുമില്ല. പിന്നെ മരിച്ചവരെ അടക്കാൻ വേണ്ടപെട്ടവർ ധാരാളം പേർ. അതിനിടയിൽ 'എന്നാഭിമുഖ്യമതൊഴിക്കിലുമെന്തുഹാനി?' എന്നൊരു ഉദാസീന ഭാവവും എനിക്കുണ്ടായിരുന്നു. ഐ ഹാവ് ട്ടു ഡു നത്തിംഗ് ദയർ എന്നും വിചാരിക്കാറുണ്ട്. മരണത്തിനു മുമ്പൊന്നു സന്ദർശിക്കാനായാൽ തരക്കേടില്ല. പരേതാത്മാവിനെ അന്തിമമായിട്ടൊന്നു കാണാം. പക്ഷേ ഇവിടെ അവർ എന്നെയും ഞാനവരെയും അറിയാത്ത അവസ്ഥ! ഞാനിതൊന്നും വിസ്തരിക്കാൻ പോയില്ല. പറഞ്ഞ ആരോപണങ്ങളൊക്കെ ശരിവച്ചു സ്വീകരിച്ചു. ഒടുവിൽ പറഞ്ഞു. എന്നെക്കൊണ്ട് ഇത്രയൊക്കെയേ പറ്റു. പിന്നെ അതെക്കുറിച്ചു ചർച്ചയൊന്നും ഉണ്ടായില്ല.